





# ഞാനും എന്റെ തൊഴിൽ നിയമങ്ങളും

## വാല്യം-മൂന്ന്

## തൊഴിൽ നൈപുണ്യ വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ

2016

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)
തിരുവനന്തപുരം

# തൊഴിൽ നൈപുണ്യ വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ

മറ്റ് പല മേഖലകളിലെന്ന പോലെ സാമൂഹിക സുരക്ഷാപദ്ധതി നടപ്പിലാക്കുന്നതിലും കേരളം ഇതര സംസ്ഥാനങ്ങളിൽ നിന്നും വളരെ മുൻപന്തിയിലാണ്. സംസ്ഥാനത്തിന്റെ തൊഴിലാളി ക്ഷേമപദ്ധതികളെ അന്തർ ദേശീയ സംഘടനകൾ വരെ പ്രകീർത്തിക്കപ്പെട്ടിട്ടുള്ളതാണ്. സംസ്ഥാനത്തു നടപ്പിലാക്കുന്ന സാമൂഹിക സുരക്ഷാ പദ്ധതികളിൽ മുഖ്യതും തൊഴിലാളി ക്ഷേമപദ്ധതികളാണ്. അതുകൊണ്ടുതന്നെ സിംഹഭാഗവും തൊഴിലും നൈപുണ്യവും വകുപ്പുമുഖേന നടപ്പിലാക്കുന്നവയാണ്. ഇതിൽ ക്ഷേമനിധി ബോർഡുകൾ രൂപീകരിച്ചു നടപ്പിലാക്കുന്നതും, പദ്ധതിരൂപീകരണത്തിലൂടെ നടപ്പിലാക്കുന്നവയുമുണ്ട്.

വിവിധ തൊഴിലുകളിലേർപ്പെട്ടിരിക്കുന്ന അൻപതു ലക്ഷത്തോളം തൊഴിലാളികളാണിന്ന് സംസ്ഥാനത്തിന്റെ സാമൂഹിക സുരക്ഷാ പദ്ധതികളുടെ ആനുകൂല്യം നേടുന്നവർ. മറ്റ് വകുപ്പുകൾമുഖേന നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളുടെ ആനുകൂല്യം നേടുന്നവർ വേറെയും. ഈ ലഘുലേഖയിൽ തൊഴിലും നൈപുണ്യവും വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളെപ്പറ്റിയുള്ള ഒരു ലഘുവിവരണമാണ് നൽകിയിട്ടുള്ളത്. ഒറ്റനോട്ടത്തിൽ ഈ പദ്ധതികളെപ്പറ്റിയുള്ള അടിസ്ഥാന വിവരങ്ങൾ പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് പണിയെടുക്കുന്ന തൊഴിലാളികൾക്ക് ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടുകൂടി തയ്യാറാക്കിയിട്ടുള്ളതാണ്. ഇതിനാവശ്യമായ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ/ഏജൻസികളിൽ നിന്ന് ലഭ്യമാക്കിയും, നിയമ,



പദ്ധതി രേഖകളിൽ നിന്നും ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ സമഗ്രമായ വിവരങ്ങൾക്ക്, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പരിശോധിക്കുകയോ, ബന്ധപ്പെട്ട വകുപ്പുതല അധികാരികളുമായി ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

തൊഴിൽ നൈപുണ്യ വകുപ്പിനു കീഴിൽ പല വകുപ്പുകളും, ഏജൻസികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും തൊഴിൽ വകുപ്പ് (ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ), നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് (ഡയറക്ടർ, എംപ്ലോയ്മെന്റിന്റെ മേൽനോട്ടത്തിൽ) നേരിട്ടും, സമഗ്ര ആരോഗ്യ ഇൻഷുറൻസ് ഏജൻസി (ചിയാക്ക്), വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ/പദ്ധതികൾ മുതലായ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന സാമൂഹിക സുരക്ഷാ പദ്ധതികളുമുണ്ട്.

സംഘടിതവും അസംഘടിതവുമായ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സാമൂഹിക സുരക്ഷ മുൻനിറുത്തിയാണ് പ്രത്യേക നിയമനിർമ്മാണത്തിലൂടെ രൂപീകരിച്ചിട്ടുള്ള ക്ഷേമനിധികൾ പ്രവർത്തിക്കുന്നത്. നിലവിൽ താഴെ പറയുന്ന ക്ഷേമനിധി ബോർഡുകളാണ് തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നത്.

1. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്
2. കേരള തയ്യൽതൊഴിലാളി ക്ഷേമനിധിബോർഡ്
3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
4. കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്
5. കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്
6. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്
7. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
8. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്
9. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്
10. കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ്
11. കേരള കൈത്തറിതൊഴിലാളി ക്ഷേമനിധി ബോർഡ്
12. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
13. കേരള ആഭരണതൊഴിലാളി ക്ഷേമനിധി ബോർഡ്
14. കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്
15. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്
16. കേരള ബീഡി ആന്റ് സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്

ഇതിനുപുറമേ താഴെപറയുന്നതും വിവിധ ക്ഷേമനിധി ബോർഡുകൾ മുഖേന നടപ്പിലാക്കുന്നതുമായ പദ്ധതികളുമുണ്ട്.

1. കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി (കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡുമുഖേന)
2. കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമപദ്ധതി (കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന)

3. കേരള കൈത്തറി തൊഴിലാളി  വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി
4. കേരള ബാർബർ/ബ്യൂട്ടീഷൻ ക്ഷേമപദ്ധതി
5. കേരള അലക്കു തൊഴിലാളി ക്ഷേമ പദ്ധതി
6. കേരള ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി
7. കേരള പാചകതൊഴിലാളി ക്ഷേമ പദ്ധതി
8. കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമപദ്ധതി
9. കേരള ആട്ടോ മൊബൈൽ തൊഴിലാളി ക്ഷേമപദ്ധതി
10. കേരള ചുമട്ട് തൊഴിലാളി (സ്ക്കാറ്റേർഡ് വിഭാഗം) ക്ഷേമ പദ്ധതി
11. കേരള ചുമട്ട് തൊഴിലാളി (അറ്റാച്ച്ഡ് ) ക്ഷേമപദ്ധതി.

ഇവയിൽ ക്ഷേമനിധി ബോർഡുകളിലെ /പദ്ധതികളിലെ  നിലവാരങ്ങൾക്കനുസൃതമായി അംഗത്വയോഗ്യത, അംശദായം. ആനുകൂല്യങ്ങൾ എന്നിവ നിശ്ചയിച്ച് നടപ്പിലാക്കി വരുന്നു.

സാധാരണയായി ക്ഷേമനിധി ബോർഡുകളിൽ നിന്ന് വിവിധ പെൻഷനുകൾ, ചികിത്സാ സഹായം അപകട ചികിൽസാ ധനസഹായം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, സ്ക്കോളർഷിപ്പുകൾ, അപകട ധനസഹായം,  മരണാനന്തര ധനസഹായം,  ഭവന വായ്പ, ഉപകരണ വായ്പ തുടങ്ങിയവ നൽകിവരുന്നു.

മേൽ പറഞ്ഞ ആനുകൂല്യങ്ങളുടെ ഇനവും, നിരക്കും, ഓരോ ബോർഡിലും, പദ്ധതിയിലും വ്യത്യാസമായിരിക്കും.  ഇവ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ബന്ധപ്പെട്ട ക്ഷേമനിധി/പദ്ധതികളുടെ സംസ്ഥാന/പ്രാദേശിക ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്.



ഇതിനുപുറമേ തൊഴിൽ വകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ്, സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി എന്നിവ മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളുമുണ്ട്. ഈ പദ്ധതികളെപ്പറ്റിയും ആനുകൂല്യങ്ങളെപ്പറ്റിയുമാണിവിടെ ഈ ലഘുലേഖ മുഖേന നൽകുന്നത്.

## I. തൊഴിൽ വകുപ്പ് ( ലേബർ കമ്മീഷണർ മുഖേന)

തൊഴിൽ വകുപ്പ് മുഖേന താഴെ പറയുന്ന പദ്ധതികൾ നേരിട്ടോ. മറ്റ് ഏജൻസികൾ മുഖേനയോ ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നു.

1. കർഷകതൊഴിലാളി പെൻഷൻ പദ്ധതി
2. മരം കയറ്റ തൊഴിലാളി ക്ഷേമ പദ്ധതി
3. മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി
4. കേരള അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ പദ്ധതി
5. അടച്ചുപൂട്ടിയ കശുവണ്ടി ഫാക്ടറി തൊഴിലാളികൾക്കുള്ള എക്സ്ഗ്രേഷ്യാ പേമെന്റ്
6. ഇൻകം സപ്പോർട്ട് സ്കീം.
7. അസംഘടിതമേഖലയിലെ സ്ത്രീതൊഴിലാളി പ്രസവാനുകൂല്യ പദ്ധതി
8. കേരള ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതി
9. അസംഘടിതമേഖലയിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്കുള്ള ആശ്വാസ ക്ഷേമ പദ്ധതി.
10. എസ്റ്റേറ്റ് വർക്കേഴ്സ് ഡിസ്ട്രസ് റിലീഫ് പദ്ധതി.

## II. നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പു വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്, 1999 (KESRU 99)
2. ശരണ്യാ സ്വയം തൊഴിൽ പദ്ധതി
3. മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ്.

## III. സമഗ്ര ആരോഗ്യ ഇൻഷുറൻസ് ഏജൻസി (ചിയാക്) Comprehensive Health Insurance Agency of Kerala (CHIAK)

1. രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (ആർ.എസ്.ബി.വൈ.)
2. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്)
3. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ് പ്ലസ്)
4. ആം ആദ്മി ബീമ യോജന (ആബി)

# I. തൊഴിൽ വകുപ്പ് (ലേബർ കമ്മീഷണർ മുഖേന)

## 1. കർഷക തൊഴിലാളി പെൻഷൻ പദ്ധതി

**(കേരള കർഷക തൊഴിലാളി പെൻഷൻ ചട്ടങ്ങൾ – 1998)**

1974 ലെ കർഷക തൊഴിലാളി നിയമപ്രകാരമുള്ള ക്ഷേമനിധിയിൽ അംഗമായിരുന്ന, അപേക്ഷാ തീയതിയിൽ 60 വയസ്സ് പൂർത്തിയായിട്ടുള്ള കർഷക തൊഴിലാളികൾക്ക് അവരുടെ വാർഷിക വരുമാനം 11,000/- രൂപയിൽ കുറവാണെങ്കിൽ തൊഴിൽവകുപ്പ് മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രതിമാസം 600/- രൂപാ നിരക്കിൽ കർഷക തൊഴിലാളി പെൻഷൻ നൽകി വരുന്നു.

വാർദ്ധക്യം മൂലമോ ശാരീരിക ദൗർബല്യം മൂലമോ കർഷക തൊഴിലാളി ആയി ജോലി ചെയ്യാൻ കഴിയാത്ത കർഷകതൊഴിലാളിക്കും, ഈ പദ്ധതി പ്രകാരം മറ്റെല്ലാ വിധത്തിലും അവർ യോഗ്യരാണെങ്കിൽ പെൻഷന് അർഹത ഉണ്ടായിരിക്കും.

നിലവിലുള്ള ഏതെങ്കിലും ക്ഷേമപദ്ധതികൾ പ്രകാരമുള്ള ധനസഹായമാണോ ഈ പദ്ധതി പ്രകാരമുള്ള ധനസഹായമാണോ വേണ്ടതെന്ന് തീരുമാനിക്കാനുള്ള വിവേചനാധികാരം അപേക്ഷകനുണ്ടായിരിക്കും.

തദ്ദേശ സ്വംഭരണ അധികാരികൾക്ക് ഏതു സമയത്തും പദ്ധതികളുടെ അടിസ്ഥാനത്തിൽ പെൻഷൻ തുക നൽകുന്നതു തടഞ്ഞുവയ്ക്കാൻ അധികാരമുണ്ടായിരിക്കുന്നതും ശരിയായ അന്വേഷണത്തിനുശേഷം തുക കൊടുക്കാവുന്നതുമാണ്.

പെൻഷനു വേണ്ടിയുള്ള അപേക്ഷാ തീയതിയ്ക്കു തൊട്ടുമുമ്പ് കുറഞ്ഞ പക്ഷം പത്തുവർഷക്കാലമെങ്കിലും തുടർച്ചയായി കേരള സംസ്ഥാനത്ത് താമസിക്കുന്ന കർഷക തൊഴിലാളിക്ക് ഈ പദ്ധതി ബാധകമാകുന്നതാണ്.

1951 ലെ തോട്ടം തൊഴിലാളി നിയമത്തിന്റെ പരിധിയിലുള്ള തോട്ടങ്ങളിൽ ജോലി ചെയ്തിരുന്നവരോ, ജോലി ചെയ്യുന്നവരോ ആയ തൊഴിലാളികൾക്ക് ഈ പദ്ധതി ബാധകമാകുന്നതല്ല.

**കർഷകതൊഴിലാളി**

കർഷകതൊഴിലാളി എന്നാൽ പത്തുവർഷത്തിൽ കുറയാത്ത കാലയളവിൽ ഭൂവുടമയുടെ / ഭൂവുടമകളുടെ കൃഷി ഭൂമിയിലോ അതോടനുബന്ധിച്ചോ ഉള്ള ജോലിയോ മറ്റേതെങ്കിലും കൃഷിപ്പണിയോ ഒരു ഭൂവുടമ നൽകുന്ന കൂലിക്കുവേണ്ടി ചെയ്യുന്നതും അവന്റെ / അവളുടെ ഉപജീവനമാർഗ്ഗം പ്രധാനമായും അങ്ങനെ ലഭിക്കുന്ന കൂലിയെ ആശ്രയിച്ചിരിക്കുന്നതുമായ ആളാണ്.

**പെൻഷൻ നടപടിക്രമം**

- പെൻഷനുള്ള അപേക്ഷ ഇതോടൊപ്പം ചേർത്തിട്ടുള്ള ഫാറം - 1 ൽ, താമസിക്കുന്ന സ്ഥലത്തെ തദ്ദേശഭരണ സ്ഥാപന അധികാരി മുമ്പാകെയാണ് സമർപ്പിക്കേണ്ടത്.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ അധികാരി വിശദമായ അന്വേഷണം നടത്തി അർഹതയുള്ള കേസ്സുകളിൽ അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണ്.

- അപേക്ഷകൻ പെൻഷന് അർഹനല്ല എന്ന് കാണുന്നപക്ഷം അപേക്ഷകന് 15 ദിവസത്തെ നോട്ടീസ് നൽകി അയാളുടെ വാദം കേട്ടതിനുശേഷം മാത്രമേ അപേക്ഷയിൽ തീർപ്പു കൽപ്പിക്കുവാൻ പാടുള്ളൂ. അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ ഉത്തരവിൽ വ്യക്തമാക്കേണ്ടതുമാണ്. പ്രസ്തുത വിവരങ്ങൾ അടങ്ങിയ ഉത്തരവ് ഫാറം നമ്പർ 3 പ്രകാരം അധികാരി തൊഴിലാളിക്ക് നൽകേണ്ടതുമാണ്.

**പെൻഷൻ നിരസിച്ചതിനുള്ള അപ്പീൽ**

- തദ്ദേശഭരണ അധികാരിയുടെ തീരുമാനത്തിൽ ആക്ഷേപമുള്ളവർക്ക് പെൻഷൻ നിരസിച്ച ഉത്തരവിന്റെ ഒരു പകർപ്പ് സഹിതം ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്.
- ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം അപ്പീൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ സമയപരിധിക്കുശേഷം ലഭിക്കുന്ന അപ്പീലിൻമേൽ അപ്പലേറ്റ് അധികാരിക്ക് യുക്തമായ തീരുമാനം എടുക്കാവുന്നതാണ്.
- ബന്ധപ്പെട്ട ഏതു വ്യക്തിക്കും അപ്പീലും റിവിഷനും സമർപ്പിക്കാവുന്നതാണ്.
- അപ്പീൽ / റിവിഷൻ 45 ദിവസത്തിനകം അധികാരി തീർപ്പാക്കേണ്ടതാണ്.

**പെൻഷൻ നിറുത്തൽ**

- പെൻഷൻ വാങ്ങികൊണ്ടിരിക്കുന്ന ആൾ മരണപ്പെടുകയോ രണ്ടുമാസത്തിൽ കൂടുതൽ തുക കൈപ്പറ്റാതിരിക്കുകയോ ചെയ്താൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ പെൻഷൻ നിറുത്തൽ ചെയ്യുന്നതാണ്.
- നിറുത്തൽ ചെയ്ത പെൻഷൻ പുന:സ്ഥാപിക്കുന്നതിന് തക്കതായ കാരണത്തിൻമേൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.
- പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന ഒരാളുടെ താമസം മാറ്റം/മേൽ വിലാസത്തിൽ ഉണ്ടാകുന്ന മാറ്റം ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെയോ തദ്ദേശഭരണ സ്ഥാപനത്തിന്റെ അധികാരിയുടെയോ സർട്ടിഫിക്കറ്റ് സഹിതം അറിയിക്കേണ്ടതാണ്.
- ബന്ധപ്പെട്ട അധികാരികൾ അവരവരുടെ രജിസ്റ്ററുകളിൽ ആവശ്യമുള്ള മാറ്റം വരുത്തേണ്ടതും അതനുസരിച്ച് പെൻഷൻ വിതരണം ക്രമപ്പെടുത്തേണ്ടതുമാണ്.



## പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷാ ഫാറം

### ഫാറം നമ്പർ – 1
### (ചട്ടം 7 (എ) നോക്കുക)
### കർഷക തൊഴിലാളികൾക്കുള്ള പെൻഷൻ അപേക്ഷാഫാറം

1. അപേക്ഷകന്റെ പേരും പൂർണ്ണമായ മേൽവിലാസവും
2. പൂർത്തിയായ വയസ്സ്
3. അച്ഛന്റെ / അമ്മയുടെ / ഭാര്യയുടെ / ഭർത്താവിന്റെ പേര്
4. അപേക്ഷകൻ താമസിക്കുന്ന വില്ലേജും കേരളത്തിൽ എത്ര കാലമായി താമസിക്കുന്നു എന്നും
5. അപേക്ഷകൻ താമസിക്കുന്ന ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി കോർപ്പറേഷന്റെ പേരും വാർഡ് നമ്പരും
6. ഏതെല്ലാം ഭൂവുടമയുടെയോ ഭൂവുടമകളുടെയോ കീഴിൽ എത്ര വർഷം വീതം പ്രവർത്തിച്ചു: വിശദ വിവരങ്ങൾ

7. (എ) അപേക്ഷകൻ / അപേക്ഷകയുടെ വാർഷിക വരുമാനം
   (ബി) ഭാര്യയുടെ / ഭർത്താവിന്റെ വാർഷിക വരുമാനം
   (സി) പ്രായപൂർത്തിയായവരും, അവിവാഹിതരുമായ സന്താനങ്ങളുടെ പേരും, ഓരോരുത്തരുടെയും വാർഷിക വരുമാനവും
   (ഡി) ഇപ്പോൾ കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ പെൻഷൻ നമ്പർ
   (ഇ) കേരള കർഷക തൊഴിലാളി ക്ഷേമനിധിയിലെ അംഗ നമ്പർ (01.01.2002 നു ശേഷം മാത്രം ബാധകം)

കഴിഞ്ഞ 10 കൊല്ലമായി ഞാൻ കർഷക തൊഴിലാളിയാണ്. എന്റെ മുഖ്യമായ ഉപജീവനമാർഗ്ഗം കർഷക വൃത്തിയിൽ നിന്നാണ്. ഞാൻ ഇതിനു മുമ്പ് പെൻഷനുവേണ്ടി അപേക്ഷിച്ചിട്ടില്ല / അപേക്ഷിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചേർക്കുന്നു.

എന്റെയും ഭാര്യയുടെയും / ഭർത്താവിന്റെയും പ്രായപൂർത്തിയായ എന്റെ അവിവാഹിതരായ ആൺമക്കളുടെയും പെൺമക്കളുടെയും ആകെ വാർഷിക വരുമാനം പതിനൊന്നായിരം രൂപയിൽ താഴെയാണ്. ഗവൺമെന്റിൽ നിന്നോ മറ്റു സ്ഥാപനങ്ങിൽ നിന്നോ എനിക്ക് തുടർച്ചയായി ധനസഹായം ഒന്നും ലഭിക്കുന്നില്ല.

സ്ഥലം: അപേക്ഷകന്റെ ഒപ്പ്
തീയതി: വിരലടയാളം

മേൽപ്പറഞ്ഞിരിക്കുന്ന വിവരങ്ങൾ എല്ലാം സത്യമാണെന്ന് ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം: അപേക്ഷകന്റെ ഒപ്പ് /
തീയതി: വിരലടയാളം

ഈ അപേക്ഷകൻ നൽകിയിട്ടുള്ള വിവരങ്ങൾ സമർപ്പിച്ച രേഖകളുമായി പരിശോധിക്കുകയും ആവശ്യമായ അന്വേഷണം നടത്തുകയും ചെയ്തതിൽ ശരിയാണെന്ന് / തെറ്റാണെന്ന് കണ്ടതിനാൽ അപേക്ഷ അനുവദിച്ചിരിക്കുന്നു / നിരസിച്ചിരിക്കുന്നു. (ഏതാണോ ബാധകം അതെഴുതണം)

സ്ഥലം: ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി

തീയതി: കോർപ്പറേഷൻ അധികാരി

(കൂടുതൽ വിവരങ്ങൾക്ക് തൊഴിൽവകുപ്പ് ഓഫീസുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഉത്തരവ് ജി.ഒ.പി.18/98/തൊഴിൽ 1998, ഏപ്രിൽ 16 എന്നിവയെ ആശ്രയിക്കാവുന്നതാണ്)

**2. മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി**

മരം കയറ്റത്തിനിടെ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യാ സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അപകടത്തെ തുടർന്ന് ജോലി ചെയ്യാൻ കഴിയാത്ത വിധം അവശരാകുന്ന മരംകയറ്റ തൊഴിലാളികൾക്ക് 50,000/- രൂപയും അപകടത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് 1,00,000/- രൂപയും ധനസഹായമായി ഈ പദ്ധതിപ്രകാരം ലഭിക്കും.

അത്യാഹിതം സംഭവിച്ച ദിവസം മുതൽ അല്ലെങ്കിൽ തൊഴിലാളിയുടെ മരണ ദിവസം മുതൽ 90 ദിവസത്തിനകം ഏതു ജില്ലയിൽ വെച്ചാണോ അപകടം സംഭവിച്ചത് ആ ജില്ലയിലെ ജില്ലാ ലേബർ ഓഫീസർക്ക് ഫാറം 1 ൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം മരണത്തെ സംബന്ധിച്ച് / സ്ഥിരമായ അവശതയുടെ സ്വഭാവം സൂചിപ്പിച്ചുകൊണ്ടുള്ള സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജന്റെ തസ്തികയിൽ താഴെയല്ലാത്ത ഒരു മെഡിക്കൽ പ്രാക്ടീഷണർ നൽകുന്ന സർട്ടിഫിക്കറ്റു കൂടി ഹാജരാക്കേണ്ടതാണ്.

ജോലി ചെയ്യാൻ കഴിയാത്ത വിധം അവശരാകുക എന്നാൽ സ്ഥിരമായും പൂർണ്ണ രൂപത്തിലുള്ള അവശതയാണ്. സ്ഥിരവും പൂർണ്ണവുമായി രണ്ടു കണ്ണുകളുടെയും കാഴ്ച നഷ്ടപ്പെടുന്നതു മൂലമോ അല്ലെങ്കിൽ താഴെപറയുന്ന ഏതെങ്കിലും പരിക്കുകൾ മൂലമോ സ്ഥിരവും പൂർണ്ണവുമായ അവശത സംഭവിച്ചതായി കണക്കാക്കുന്നതാണ്:-

(1) രണ്ടു കൈകളും നഷ്ടപ്പെടുകയോ മുകൾ ഭാഗങ്ങളിൽ വച്ചു മുറിച്ചു കളയുകയോ ചെയ്യുക.

(2) കൈയ്യും പാദവും നഷ്ടപ്പെടുക

(3) രണ്ടു കാലുകളുമോ തുടയോ മുറിച്ചു കളയുകയോ അല്ലെങ്കിൽ ഒരു വശത്തെ കാലോ തുടയോ മുറിച്ചു കളയുകയോ മറു വശത്തെ പാദം നഷ്ടപ്പെടുകയോ ചെയ്യുക.

(4) കാഴ്ച അനിവാര്യമായ ഏതെങ്കിലുമൊരു ജോലി ചെയ്യുവാൻ കഴിയാത്തവിധം അപേക്ഷകന്റെ കാഴ്ച നഷ്ടപ്പെടുക.

(5) അതി രൂക്ഷമായ തരത്തിൽ മുഖം വികൃതമാകുക

(6) പൂർണ്ണമായ ബധിരത



(7) തൊഴിലാളിക്ക് തെങ്ങ്, പന, കമുക് കയറ്റ തൊഴിൽ തുടരാൻ നിർവ്വാഹമില്ലാതെ സ്ഥിരമായ അവശതയിൽ എത്തിക്കുന്ന ഏതെങ്കിലും പരിക്ക് (16.01.1781 ലെ ജി.ഒ.(എം.എസ്)5/81/എൽ.ബി.ആർ ഉത്തരവു പ്രകാരം കൂട്ടി ചേർത്തത്.)

എക്സ്ഗ്രേഷ്യാ സാമ്പത്തിക സഹായം അപേക്ഷകനോ അപേക്ഷകന്റെ ആശ്രിതർക്കോ ആണ് നൽകുന്നത്.

**അവിവാഹിതരായ തൊഴിലാളിയാണെങ്കിൽ**

(1) ആശ്രിതരായ മാതാപിതാക്കൾ - തുല്യ തുക

(2) ആശ്രിതരായ മാതാപിതാക്കളില്ലെങ്കിൽ ആശ്രിതരായ സഹോദരിമാർക്ക് - തുല്യ തുക

(3) ആശ്രിതരായ മാതാപിതാക്കളോ സഹോദരിമാരോ ഇല്ലെങ്കിൽ ആശ്രിതരായ സഹോദരൻമാർക്ക് - തുല്യ തുക

**വിഭാര്യൻ**

(1) അവിവാഹിതരായ പെൺമക്കളും പ്രായ പൂർത്തിയാകാത്ത ആൺമക്കളും - തുല്യ തുക

(2) അവിവാഹിതരായ പെൺമക്കളോ പ്രായപൂർത്തിയാകാത്ത ആൺമക്കളോ ഇല്ലെങ്കിൽ ആശ്രിതരായ മാതാപിതാക്കൾ - തുല്യ തുക

(3) അവിവാഹിതരായ പെൺമക്കളോ പ്രായപൂർത്തിയാകാത്ത ആൺമക്കളോ ആശ്രിതരായ മാതാപിതാക്കളോ ഇല്ലെങ്കിൽ ആശ്രിതരായ സഹോദരിമാർ - തുല്യ തുക

(4) 1 മുതൽ 3 വരെയുള്ള ഇനങ്ങളിൽ ആശ്രിതരായി ആരുമില്ലെങ്കിൽ, ആശ്രിതരായ സഹോദരന്മാർ - തുല്യ തുക

അപേക്ഷയിൽ അന്വേഷണം നടത്തി ഉചിതമായ തീരുമാനം ജില്ലാ ലേബർ ഓഫീസർ എടുക്കുന്നതും വിവരം അപേക്ഷകനെ അറിയിക്കുന്നതുമാണ്. അല്ലാത്തപക്ഷം അപേക്ഷകന് ലേബർ കമ്മീഷണർക്ക് അപ്പീൽ അപേക്ഷ നൽകാവുന്നതാണ്.

**കേരള മരം കയറ്റ തൊഴിലാളി ക്ഷേമപദ്ധതി**

**ഫാറം - 1**

1. അപേക്ഷകന്റെ പേര്
2. സ്ത്രീ/ പുരുഷൻ
3. വയസ്സും ജനനതീയതിയും
4. മേൽ വിലാസം
   (എ) സ്ഥിരമായ വിലാസം
   (ബി) ഇപ്പോഴത്തെ വിലാസം
5. തൊഴിലാളിയുമായുള്ള ബന്ധം
6. വിവാഹിതനാണോ അല്ലയോ
7. സാമ്പത്തിക സഹായത്തിന് അർഹനാണോ
8. തൊഴിലാളിയുടെ പേര്
9. തൊഴിലാളി വിവാഹിതനാണോ
10. തൊഴിലാളിയുടെ അപകട സമയത്തെ വയസ്സ്
11. തൊഴിലാളിയുടെ പിതാവിന്റെ/രക്ഷകർത്താവിന്റെ പേര്
12. തൊഴിലാളിയുടെ വിലാസം
13. തൊഴിലുടമയുടെ പൂർണ്ണമായ പേരും വിലാസവും
14. അപകടം നടന്ന/മരണമടഞ്ഞ തീയതി
15. ഹാജരാക്കുന്ന തെളിവുകൾ
16. അവകാശപ്പെടുന്ന തുക
17. മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ടോ

**സത്യപ്രസ്താവന**

ഞാൻ.......................................................................(പേര്) മേൽ പ്രസ്താവിച്ചതെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം:

അപേക്ഷകന്റെ/ആശ്രിതന്റെ
ഒപ്പ് / വിരലടയാളം.

**3. 2011 ലെ മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി**

തെങ്ങ്, പന, കമുക്, മറ്റ് മരം കയറ്റ തൊഴിലാളികൾ ജോലി ചെയ്യുന്നതിനിടയിൽ വീഴുകയും പരിക്ക് പറ്റുകയുമാണെങ്കിൽ അൻപതിനായിരം രൂപയും, തൊഴിലാളി മരിക്കുകയാണെങ്കിൽ ഒരു ലക്ഷം രൂപയും നൽകുന്നതാണ്.

ഒറ്റത്തവണ നൽകുന്ന ഈ സഹായത്തിനുപുറമേ വീണ്ടും ജോലി ചെയ്യാൻ കഴിയാത്തവിധം പരിക്കു പറ്റുന്ന തൊഴിലാളിയുടെ മരണംവരെയോ, മരത്തിൽ നിന്നും വീണ് മരണപ്പെട്ട തൊഴിലാളിയുടെ ആശ്രിതർക്കും പ്രായമോ, വരുമാനമോ, ബാധകമാക്കാതെ ഒരു അവശതാ പെൻഷൻ നൽകുന്നതിനും തൊഴിലാളികളുടെ കുട്ടികൾക്കുവേണ്ടി വിദ്യാഭ്യാസ സഹായപദ്ധതിയും രൂപീകരിക്കുന്നതിനുമാണ് ഈ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്.

**ഗുണഭോക്താക്കൾക്കുള്ള അർഹത**

സംസ്ഥാനം മുഴുവൻ ബാധകമായിട്ടുള്ള ഈ പദ്ധതി പ്രകാരം മരം കയറ്റ തൊഴിലിൽ ഏർപ്പെട്ടിരിക്കെ മരത്തിൽ നിന്നുവീണ് അപകടം പറ്റുകയും 1980 ലെ കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതിപ്രകാരം ആനുകൂല്യം കൈപ്പറ്റുകയും ചെയ്ത തൊഴിലാളി/ മരം കയറ്റത്തിനിടെ അപകടത്തിൽ മരണപ്പെട്ട മരം കയറ്റ തൊഴിലാളി യുടെ നിയമപ്രകാരമുള്ള ഭാര്യ / മരം കയറ്റ തൊഴിലാളി അവിവാഹി തനാണെങ്കിൽ തൊഴിലാളിയുടെ മാതാവ് എന്നിവർ ഈ പദ്ധതി പ്രകാരമുള്ള ആനു കൂല്യത്തിന് അർഹരാണ്.

1980 ലെ മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതിപ്രകാരം ആനുകൂല്യങ്ങൾ വിതരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ലേബർ ആഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളവരാണ് പദ്ധതിയുടെ പ്രാഥമിക ഗുണഭോക്താക്കൾ.

**മരംകയറ്റ തൊഴിലാളിയും ആശ്രിതരും**

തൊഴിൽ എന്ന നിലയിൽ പ്രതിഫലം വാങ്ങിയോ, അല്ലാതെയോ, മരം കയറുന്ന വ്യക്തി/തൊഴിലാളിയെയാണ് മരംകയറ്റ തൊഴിലാളിയായി ഈ പദ്ധതി യിൽ വിവക്ഷിക്കുന്നത്.

മരണപ്പെട്ട മരംകയറ്റതൊഴിലാളിയുടെ ഭാര്യയും, അവിവാഹിതനായ തൊഴി ലാളിയുടെ കാര്യത്തിൽ അയാളെ ആശ്രയിക്കുന്ന മാതാപിതാക്കൾ, വീഭാര്യന്റെ കാര്യ ത്തിൽ അവിവാഹിതയായ മകൾ, പ്രായപൂർത്തിയാകാത്ത പുത്രന്മാർ അല്ലെങ്കിൽ മാതാപിതാക്കളുമാണ് തൊഴിലാളിയുടെ ആശ്രിതരായി കണക്കാക്കുന്നത്..

**ആനുകൂല്യങ്ങൾ**

- ♦ പെൻഷൻ
- ♦ വിദ്യാഭ്യാസ സ്ക്കോളർഷിപ്പ്

ജില്ലാ ലേബർ ആഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരമുള്ള തൊഴിലാളികൾക്കാണ് ഗുണഭോക്താക്കളായി കണക്കാക്കി പെൻഷൻ നൽകുന്നത്.

മരം കയറ്റ തൊഴിലാളികളുടെ കുട്ടികൾക്ക് ആം ആദ്മി ബീമയോജന പ്രകാരമോ, മറ്റ് സമാന പദ്ധതികൾ പ്രകാരമോ വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാ യില്ലായെങ്കിൽ 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രതി മാസം 100 രൂപ നിരക്കിലും കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 200/- രൂപ നിരക്കിലും സ്ക്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ടി ആനു കൂല്യത്തിന് പ്രതിവർഷം 1000/- രൂപ പരിധി നിശ്ചയിച്ചിട്ടുണ്ട്.

**കുടിശ്ശിക പെൻഷൻ വിതരണം**

പെൻഷൻ ലഭിക്കുന്നതിന് അർഹനായ തൊഴിലാളി മരണപ്പെടുന്ന പക്ഷം പെൻഷൻ വിതരണം അവസാനിപ്പിക്കുന്നതാണ്. എന്നാൽ ടിയാന് അർഹതപ്പെട്ട കുടിശ്ശിക പെൻഷൻ തുക റവന്യൂ അധികാരികൾ നൽകുന്ന അവകാശ സർട്ടിഫി ക്കറ്റിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ്.

**രജിസ്റ്ററുകൾ**

1. മുഴുവൻ പദ്ധതി ഗുണഭോക്താക്കളുടേയും പേര് വിവരമടങ്ങുന്ന രജിസ്റ്റർ ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ സൂക്ഷിക്കുന്നതാണ്.

2. പെൻഷൻ ഗുണഭോക്താക്കളുടെ മുഴുവൻ വിവരങ്ങളും അടങ്ങിയ ഒരു രജിസ്റ്റർ ജില്ലാ ലേബർ ആഫീസർമാരും സൂക്ഷിക്കുന്നുണ്ട്.

[സ.ഉ.(പി) നം.10/2012/ തൊഴിൽ തിരുവനന്തപുരം 2012 ജനുവരി 20]

**4. കേരള അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ**

കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ നിന്നും 60 വയസ് കഴിഞ്ഞ് റിട്ടയർ ചെയ്യുന്നവർക്ക് ക്ഷേമപദ്ധതിയിൽ 10 വർഷം അംഗത്വ കാലയളവുണ്ടെങ്കിൽ തൊഴിൽ വകുപ്പുമുഖേന ജില്ലാ ലേബർ ആഫീസുകൾ വഴി 600 രൂപ നിരക്കിൽ പെൻഷൻ നൽകുന്നു

**5. അടച്ചു പൂട്ടിയ കശുവണ്ടി ഫാക്ടറി തൊഴിലാളികൾക്കുള്ള എക്സ്ഗ്രേഷ്യാ പെയ്മെന്റ്**

ഒരു വർഷത്തിലേറെക്കാലം പൂട്ടിക്കിടന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് നൽകുന്ന ധനസഹായത്തിന് 2013 ലും 2014 ലും 1000 രൂപ വീതമാണ് ധനസഹായം വിതരണം നടത്തിയത്.

**6. ഇൻകം സപ്പോർട്ട് സ്കീം**

സർക്കാരിന്റെ 16.09.2010 ലെ ജി.ഒ.(എം.എസ്) 113/2010/തൊഴിൽ നമ്പർ ഉത്തരവ്പ്രകാരമാണ് ടി പദ്ധതി നടപ്പിലാക്കിയത്. ആയത് പ്രകാരം 2010-11 സാമ്പത്തിക വർഷം മുതൽ ടി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ പരമ്പരാഗത മേഖലയായ കയർ, കൈത്തറി, ഈറ്റ, പന, മത്സ്യം, ബീഡി ആന്റ് സിഗാർ തുടങ്ങിയ മേഖലയിലെ തൊഴിലാളികൾക്കാണ് ടി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നത്. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് 100 ദിവസമെങ്കിലും നിശ്ചയിക്കപ്പെട്ട മിനിമം വേതനം ലഭിക്കത്തക്ക വിധത്തിലാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

ടി വിഭാഗത്തിലുള്ള ഓരോ തൊഴിലാളിക്കും പ്രതിവർഷം ഏകദേശം 1000 രൂപ നിരക്കിൽ ഉള്ള സാമ്പത്തിക പിൻതുണയാണ് സഹായമായി നൽകുവാൻ ഉദ്ദേശിച്ചിരിക്കുന്നത്.

**7. അസംഘടിത മേഖലയിലെ സ്ത്രീതൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി, 2012**

സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകൾ, പദ്ധതികൾ നൽകിവരുന്ന ആനുകൂല്യങ്ങളിൽ പ്രധാനപ്പെട്ടതാണ് സ്ത്രീതൊഴിലാളികൾക്ക് നൽകുന്ന പ്രസ

വാനുകൂല്യം. ഇത് വ്യത്യസ്ഥ നിരക്കിലാണ് നൽകിവരുന്നത്. ഈ ആനുകൂല്യങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനും അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പ്രസവാനുകൂല്യമായി അർഹതപ്പെട്ട മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

ഈ പദ്ധതിയിലൂടെ അസംഘടിതമേഖലയിലെ സ്ത്രീതൊഴിലാളികൾക്ക് പ്രസവകാലയളവിൽ അവരുടെ ശമ്പളം സംരക്ഷിക്കുന്നതിന്, ഓരോ ക്ഷേമനിധി ബോർഡും/പദ്ധതിയും നിലവിൽ അംഗീകരിച്ചിട്ടുള്ള ആനുകൂല്യം നൽകുന്നതിനോടൊപ്പം, മേൽ ആനുകൂല്യത്തിന്മേൽ ലഭ്യമാകുന്ന തുകയും തൊഴിലാളിയുടെ പ്രസവത്തിന് തൊട്ടുമുമ്പുള്ള ആറാഴ്ചമുതൽ മൂന്നു മാസത്തേക്കുമുള്ള മിനിമം വേതനവും തമ്മിലുള്ള വ്യത്യാസം ഈ പദ്ധതി മുഖേന തൊഴിലാളികൾക്ക് ലഭ്യമാകുമെന്ന് ഉറപ്പാക്കുന്നു.

**അർഹത**

തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകളിൽ/ പദ്ധതികളിൽ അംഗത്വം നിലനിർത്തിയിട്ടുള്ളവരും നിയമപ്രകാരമുള്ള അംശദായം ഒടുക്കുകയും പദ്ധതി നൽകുന്ന ആനുകൂല്യത്തിന് അർഹതപ്പെട്ടവരുമായ എല്ലാ സ്ത്രീതൊഴിലാളികൾക്കും ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും. എന്നാൽ രണ്ടു പ്രസവങ്ങൾക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.

ഏതെങ്കിലും ക്ഷേമനിധിബോർഡിൽ/ പദ്ധതിയിൽ മിനിമം വേതനത്തേക്കാൾ അധികമായ തോതിൽ പ്രസവാനുകൂല്യം നിശ്ചയിക്കുകയോ നൽകപ്പെടുകയോ ആണെങ്കിൽ അത് നൽകാൻ ബന്ധപ്പെട്ട ക്ഷേമനിധി ബോർഡ്/പദ്ധതി ബാദ്ധ്യസ്ഥമാണ്.

**തൊഴിലാളി**

ഈ പദ്ധതിയിൽ തൊഴിലാളി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി/പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികളെയാണ്. (ക്ഷേമനിധികളും, പദ്ധതികളും ഈ പദ്ധതിയിലെ ഒന്നാം പാരഗ്രാഫിൽ പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ട്.)

**ആനുകൂല്യം**

ക്ഷേമനിധി ബോർഡിൽ/പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അവർ അംഗമായിട്ടുള്ള ക്ഷേമനിധിബോർഡിലെ/പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം അർഹമായിട്ടുള്ള പ്രസവാനുകൂല്യത്തോടൊപ്പം, പ്രസവത്തിന് മുമ്പുള്ള ആറാഴ്ചമുതൽ മൂന്നു മാസത്തേയ്ക്കുള്ള മിനിമം വേതനം കണക്കാക്കി, പ്രസവാനുകൂല്യത്തോടൊപ്പം ഈ മൂന്നു മാസത്തേയ്ക്കുള്ള മിനിമം വേതനം ലഭ്യമാകുന്നതിന് ആവശ്യമായ തുക തൊഴിലാളിക്ക് ലഭ്യമാക്കണമെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**വിതരണത്തിന്റെ നടപടിക്രമം**

ക്ഷേമനിധി ബോർഡിലും/ പദ്ധതിയിലും അംഗമായിട്ടുള്ള തൊഴിലാളിക്ക്

പ്രസവാവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പദ്ധതിപ്രകാരമുള്ള ആനുകൂല്യ ത്തിന് അർഹതയുണ്ടായിരിക്കും. പ്രസവാനുകൂല്യം ലഭ്യമാകുന്നതിന് സമർപ്പി ക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈ ബോർഡിന്റെ/പദ്ധതിയിലെ വ്യവ സ്ഥകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനോടൊപ്പം പ്രസവാവധി ആരം ഭിച്ച തീയതിമുതൽ മൂന്ന് മാസ കാലയളവിലേയ്ക്ക് നിയമപ്രകാരം ഈ തൊഴിലാ ളിക്ക് ലഭ്യമാകാൻ അർഹതയുള്ള മിനിമം വേതനം തൊഴിലാളിക്ക് ലഭ്യമാക്കുന്ന തിന് പ്രസവാനുകൂല്യമായി തൊഴിലാളിക്ക് ലഭ്യമാകുന്ന തുകയും മൂന്നു മാസത്തെ അർഹതപ്പെട്ട മിനിമം വേതനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കി ഈ തുക തൊഴിലാളിക്ക് ബന്ധപ്പെട്ട ക്ഷേമനിധി ബോർഡ്/പദ്ധതി ഡിമാന്റ് ഡ്രാഫ്ട് ആയോ തൊഴിലാളിയുടെ ബാങ്ക് അക്കൗണ്ട് മുഖേനയോ തൊഴിലാളിക്ക് നൽകേണ്ടതാണ്.

## 8. 2011 ലെ ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി (കേരള ഡൊമസ്റ്റിക് വർക്കേഴ്സ് ക്ഷേമനിധി പദ്ധതി 2011)

സംസ്ഥാനത്തെ ഗാർഹിക ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിക ളുടെ ക്ഷേമത്തിനും, അതുമായി ബന്ധപ്പട്ട കാര്യങ്ങൾക്കുമായി രൂപീകരിച്ചിട്ടുള്ള താണ് ഈ പദ്ധതി. സംസ്ഥാനം മുഴുവൻ ബാധകമായിട്ടുള്ള ഈ പദ്ധതി കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് (Kerala Labour Welfare Fund Board) മുഖേ നയാണ് നടപ്പിലാക്കുന്നത്.

**ഗാർഹിക തൊഴിലാളി (ഡൊമസ്റ്റിക് വർക്കർ)**

ഉപജീവനത്തിനായി ഗാർഹിക ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തി യെയാണ് ഗാർഹിക തൊഴിലാളിയായി കണക്കാക്കുന്നത്.

**തൊഴിലുടമ**

നേരിട്ടോ, മറ്റൊരാൾ മുഖേനയോ ഗാർഹിക തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതും, വേതനം നേരിട്ട് നൽകുന്നതുമായ ആളാണ് തൊഴിലുട മ. ഇതിൽ ഗൃഹനാഥൻ, തറവാട്ടുകാരണവർ, ട്രസ്റ്റി, മാനേജർ, സെക്രട്ടറി തുടങ്ങി ഏതു പേരിലുമറിയപ്പെടുന്ന, ഗാർഹിക തൊഴിലാളികൾക്ക് വേതനം നൽകുന്നതിന് ബാദ്ധ്യസ്ഥനായ ആളും ഉൾപ്പെടുന്നതാണ്. കൂടാതെ ഗാർഹിക തൊഴിലാളികളെ ലഭ്യമാക്കി വേതനം നേരിട്ടുനൽകുന്ന കരാറുകാരനും ഉൾപ്പെടും.

**ഫണ്ടിലേയ്ക്കുള്ള അംശദായം**

ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു ക്ഷേമനിധി ഫണ്ട് രൂപീകരിച്ചി ട്ടുണ്ട്. പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്ന ഗാർഹികതൊഴിലാളി ഫണ്ടി ലേക്ക് പ്രതിവർഷം അൻപതു രൂപ അംശദായമായി അടയ്ക്കണം. നിധിയിലേയ്ക്ക് അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ അംഗത്വം സ്വമേധയാ നഷ്ട പ്പെടുന്നതാണ്.

**അംഗത്വം പുനസ്ഥാപിക്കൽ**

ഭരണസമിതി നിശ്ചയിക്കുന്ന പിഴപ്പലിശ ഈടാക്കികൊണ്ട് അംഗത്വം പുന സ്ഥാപിച്ചുനൽകുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് അധികാരം ഉണ്ടാ

യിരിക്കുന്നതാണ്. എന്നാൽ മാരകമായ രോഗത്താൽ ചികിത്സയിലിരുന്നതായി അസിസ്റ്റന്റ് സർജന്റെ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നവരെ പിഴപ്പലിശയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

**അംഗത്വത്തിനുള്ള യോഗ്യതയും രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളും**

18 വയസ്സിനും 59 വയസ്സിനും ഇടയിൽ പ്രായമുള്ള ഗാർഹിക തൊഴിലാളികൾക്ക് പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതാണ്.

ഗാർഹിക തൊഴിലാളി ജോലിചെയ്യുന്ന ജില്ലയിലെ ജില്ലാ എക്സിക്യൂട്ടീവ് ആഫീസർക്ക് നിശ്ചിത അപേക്ഷാ ഫാറത്തിൽ രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും, വയസ്സ് തെളിയിയ്ക്കുന്നതിനുള്ള രേഖയുമായി അപേക്ഷിക്കാവുന്നതാണ്. വയസ്സ് തെളിയിയ്ക്കുന്നതിനുള്ള രേഖയായി സ്ക്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ജനന-മരണ രജിസ്ട്രാറിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, വോട്ടർ തിരിച്ചറിയൽ കാർഡിന്റെ ശരിപകർപ്പ്, അസിസ്റ്റന്റ് സർജനിൽ കുറയാത്ത സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റോ ഹാജരാക്കാവുന്നതാണ്.

അംഗത്വം നൽകിയ തൊഴിലാളിയ്ക്ക് നിശ്ചിത ഫാറത്തിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ജില്ല എക്സിക്യൂട്ടീവ് ആഫീസർ നൽകുന്നതാണ്.

**അംഗത്വം റദ്ദാക്കൽ**

തെറ്റായ വിവരങ്ങൾ നൽകി അംഗത്വം നേടുന്നവരുടെ അംഗത്വം റദ്ദാക്കാൻ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്കോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അധികാരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ബന്ധപ്പെട്ട വ്യക്തിയ്ക്ക് തന്റെ ഭാഗം വിശദീകരിക്കുവാൻ ന്യായമായ അവസരം നൽകിയശേഷം മാത്രമേ അംഗത്വം റദ്ദ് ചെയ്യാൻ പാടുള്ളൂ.

അംഗത്വം റദ്ദ് ചെയ്യുന്ന സാഹചര്യത്തിൽ തൊഴിലാളി വിഹിതമായി അടച്ച തുക തിരികെ നൽകുമ്പോൾ പ്രസ്തുത തുകയുടെ ഒരു നിശ്ചിത ശതമാനം സർവ്വീസ് ചാർജ്ജായി ഭരണസമിതിയ്ക്ക് ഈടാക്കാവുന്നതാണ്.

**ആനുകൂല്യങ്ങൾ**

താഴെപറയുന്ന ആനുകൂല്യങ്ങൾക്ക് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

- പെൻഷൻ, കുടുംബപെൻഷൻ, പ്രസവാനുകൂല്യം, പ്രായപൂർത്തിയായ പെൺമക്കളുടേയും, സ്ത്രീതൊഴിലാളികളുടേയും വിവാഹത്തിനായുള്ള ധനസഹായം, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, അംഗത്തിന്റെ കുടുംബാംഗങ്ങളുടെ മരണാനന്തര സഹായം.

- എന്നാൽ രാഷ്ട്രീയ സ്വസ്ഥ്യ ബീമയോജന. ആം ആദ്മി ബീമായോജന, ഇതര ക്ഷേമപദ്ധതികൾ ഇവയിൽ ഏതെങ്കിലും വഴി സമാനമായ ആനുകൂല്യങ്ങൾ എന്തെങ്കിലും ലഭിക്കുന്നവർക്ക് ടി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

- കുറഞ്ഞത് ഒരുവർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന് അറുപത് വയസ്സ് തികയുന്ന മുറയ്ക്കോ, സ്ഥിരമായ ശാരീരിക അവശത മൂലമോ, അംഗവൈകല്യം മൂലമോ ജോലി ചെയ്യാൻ കഴിയാതിരിയ്ക്കുന്ന അവസ്ഥ വന്നാലോ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

- നിലവിൽ 60 വയസ്സ് കഴിഞ്ഞ ഗാർഹിക തൊഴിലാളികൾക്ക് വിധവാ പെൻഷൻ/ വാർദ്ധ്യക്യകാല പെൻഷൻ തുടങ്ങി ഏതെങ്കിലും തരത്തിലുള്ള സാമൂഹ്യ സുരക്ഷാപെൻഷനുകൾ ലഭ്യമാകാതിരിയ്ക്കയോ, മറ്റ് ക്ഷേമ പദ്ധതി അംഗത്വം ഒന്നും നേടാതിരിക്കുകയോ ചെയ്തിട്ടുള്ള പക്ഷം ഈ പദ്ധതി മുഖേന പെൻഷൻ ലഭിക്കുന്നതാണ്.

- കുറഞ്ഞത് അഞ്ചുവർഷം അംശദായം അടച്ച ഒരംഗമോ, ഈ പദ്ധതി പ്രകാരം പെൻഷന് അർഹമായ അംഗമോ മരണപ്പെട്ടാൽ ടി അംഗത്തിന്റെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

- അംഗത്വമെടുത്ത് ഒരു വർഷം പൂർത്തിയാക്കുന്ന വനിതാ അംഗത്തിന് പ്രസവ ധനസഹായമായി 7500/- രൂപ നിധിയിൽ നിന്നും ലഭിക്കുന്നതാണ്. ഈ ആനുകൂല്യം പരമാവധി രണ്ട് പ്രാവശ്യത്തിൽ കൂടുതൽ ലഭിക്കുന്നതല്ല.

- കുറഞ്ഞത് 3 വർഷമെങ്കിലും നിധിയിലേയ്ക്ക് അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടേയും, സ്ത്രീ അംഗങ്ങളുടേയും വിവാഹ ചെലവിനായി 5000/- രൂപ ലഭിക്കുന്നതാണ്.

- അംഗത്വമെടുത്ത് ഒരു വർഷം കഴിയുന്ന ഒരു അംഗം അസുഖം മൂലമോ, അപകടം മൂലമോ മരണപ്പെട്ടാൽ അംഗത്വത്തിന്റെ കാലാവധിയനുസരിച്ച് 5,000 മുതൽ 30,000 രൂപവരെ മരണാനന്തര സഹായം നൽകുന്നുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രാദേശിക / സംസ്ഥാന ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

## 9. അസംഘടിത മേഖലയിവെ ദിവസവേതനക്കാരായ തൊഴിലാളികൾക്കുള്ള ആശ്വാസ ക്ഷേമപദ്ധതി

സർക്കാരിന്റെ ജി.ഒ.(അർ.റ്റി) നമ്പർ 1772 /08/തൊഴിൽ തീയതി 2.7.2008 ഉത്തരവ് പ്രകാരം അസംഘടിത മേഖലയിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. മാറാരോഗങ്ങളാൽ (ക്യാൻസർ, ഹൃദ്രോഗം, ടി.ബി. ട്യൂമർ) കഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് 2000 രൂപ വീതം ഒറ്റത്തവണ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

### 10. എസ്റ്റേറ്റ് വർക്കേഴ്സ് ഡിസ്ട്രസ് റിലീഫ് പദ്ധതി

സർക്കാരിന്റെ 10/7/2014 ലെ ജി.ഒ.(പി)നം.81/2014/തൊഴിൽ നമ്പർ ഉത്തരവുപ്രകാരവും പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരവും രജിസ്റ്റർ ചെയ്ത തോട്ടങ്ങളിലെ തൊഴിലാളികൾ മരണപ്പെട്ടാൽ നിയമാനുസൃതമായ അനന്തരാവകാശികൾക്ക് ഒറ്റത്തവണ സാമ്പത്തിക സഹായമായി 25,000/-രൂപ നൽകുന്നു.

**"നിയമാനുസൃത അവകാശി"** എന്നാൽ മരണമടഞ്ഞ തൊഴിലാളിയുടെ കുടുംബത്തിലെ അവകാശികൾ ആരൊക്കെയെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയോ, വില്ലേജ് ഓഫീസറോ, തഹസീൽദാരോ നൽകുന്ന സർട്ടിഫിക്കറ്റിൽ ഉൾപ്പെടുന്ന ഒരു അവകാശി എന്നാണ്.

നിയമാനുസൃതമുള്ള അവകാശി കുടുംബത്തിലെ താഴെപറയുന്ന മുൻഗണനാക്രമത്തിൽപ്പെട്ടിട്ടുള്ളവരാകുന്നു.

1. ഭാര്യ/ഭർത്താവ്
2. പ്രായപൂർത്തിയാകാത്ത കുട്ടികൾ
3. അവിവാഹിതരായ പുത്രിമാർ
4. വിധവകളായ പുത്രിമാർ
5. അച്ഛൻ
6. അമ്മ

തൊഴിലാളി മരണമടഞ്ഞ് മൂന്നു മാസത്തിനകം നിയമാനുസൃതമുള്ള അവകാശി ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ നൽകേണ്ടത് അതത് സ്ഥലത്തെ പ്ലാന്റേഷൻ ഇൻസ്പെക്ടർക്കാണ്.

അപേക്ഷയോടൊപ്പം ജനന മരണ രജിസ്ട്രാർ നൽകുന്ന തൊഴിലാളിയുടെ മരണ സർട്ടിഫിക്കറ്റ്, കുടുംബത്തിലെ നിയമാനുസൃതമായ അവകാശികൾ ആരൊക്കെയെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയോ, വില്ലേജ് ഓഫീസറോ, തഹസിൽദാരോ നൽകിയ സർട്ടിഫിക്കറ്റ്, മരിച്ചത് തൊഴിലാളിയാണെന്ന് തെളിയിക്കുന്നതിന് തൊഴിലുടമ നൽകുന്ന സാക്ഷ്യപത്രം, നിയമാനുസൃതമായ അവകാശിയുടെ രണ്ട് ഫോട്ടോ എന്നിവ സമർപ്പിക്കേണ്ടതുമാണ്.

ടി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ആണ്. ഈ ഓഫീസ് കോട്ടയത്താണ്.

ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനുള്ള അപേക്ഷ ചുവടെ ചേർക്കുന്നു.

**2013-ലെ എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതി**

**ഫാറം -1**

**തൊഴിലാളികളുടെ മരണാനന്തരം നിയമാനുസൃതമുള്ള അവകാശിക്ക് ധനസഹായത്തിനുള്ള അപേക്ഷ**

**(പദ്ധതി ഖണ്ഡിക 4)**

(1) അപേക്ഷകന്റെ പേര് :

(2) മേൽവിലാസം :

(1) വീട്ടുപേര് :

(2) വീട്ടു നമ്പർ :

(3) പ്രദേശം/വില്ലേജ് :

(4) പോസ്റ്റ് :

(5) പിൻകോട് :

(6) താലൂക്ക്/ജില്ല :

(3) അപേക്ഷകന്റെ ജനന തീയതി/ പൂർത്തിയായ വയസ്സ് :

(4) മരണമടഞ്ഞ തൊഴീലാളിയുടെ പേര് :

(5) തൊഴിലാളി മരണമടഞ്ഞ തീയതി (മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം) :

(6) അപേക്ഷകന് മരണമടഞ്ഞ തൊഴിലാളിയുമായുള്ള ബന്ധം :

(7) തൊഴിലാളി ജോലി ചെയ്തിരുന്ന തോട്ടത്തിന്റെ പേരും മേൽവിലാസവും :

(8) അപേക്ഷകൻ മൈനർ ആണെങ്കിൽ രക്ഷിതാവിന്റെ പേരും മേൽവിലാസവും :

(9) ഈ ധനസഹായത്തിന് അവകാശപ്പെട്ട വിഭാഗത്തിൽ ഒന്നിൽ കൂടുതൽ പേർ ഉണ്ടെങ്കിൽ അപേക്ഷകന് ആനുകൂല്യം നൽകുന്നതിന് മറ്റ് അവകാശികളുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടോ? :

(10) താഴെപ്പറയുന്ന സാക്ഷ്യപത്രങ്ങൾ സമർപ്പിച്ചിട്ടുണ്ടോ :

(1) മരണസർട്ടിഫിക്കറ്റ് :

(2) ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് /അവകാശ സർട്ടിഫിക്കറ്റ് :

(3) തൊഴിലാളി ആയിരുന്നു എന്നുള്ളതിന് തോട്ടം ഉടമ നൽകുന്ന സാക്ഷ്യപത്രം

**സത്യപ്രസ്താവന**

മേൽപറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും, വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്

# II. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്

### 1. കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേഡ് അൺ എംപ്ലോയ്ഡ്, 1999 (KESRU 99)

കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി അൺ എംപ്ലോയ്ഡ് -1999 (KESRU 99) പദ്ധതി 30-03-1999 ലെ 40/99/തൊഴിൽ നമ്പർ സർക്കാർ ഉത്തരവു പ്രകാരം നിലവിൽ വന്നു.

**ആനുകൂല്യത്തിനുള്ള യോഗ്യത**

കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും, വാർഷിക കുടുംബവരുമാനം 40,000/- രൂപയിൽ കവീയാൻ പാടില്ലാത്തതും, 21 നും 50 വയസിനും ഇടയ്ക്ക് പ്രായമുള്ള ഏതൊരു വ്യക്തിക്കും ഈ പദ്ധതി കീഴിൽ അപേക്ഷ നൽകാവുന്നതാണ്. 25 വയസ്സ് കഴിഞ്ഞവർക്കും സാങ്കേതിക പരിജ്ഞാനമുള്ളവർക്കും (നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്, നാഷണൽ അപ്രന്റീസ് സർട്ടിഫിക്കറ്റ്) പ്രകാരമുള്ള മുൻഗണന നൽകുന്നതാണ്.

**ആനുകൂല്യം**

ഈ പദ്ധതിപ്രകാരം സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്ന തുകയുടെ 20 % തുക, പരമാവധി 20,000/- രൂപ വരെ സബ്സിഡി നൽകുന്നു. പരമാവധി വായ്പ തുക 1,00,000/- (ഒരു ലക്ഷം) രൂപയാണ്.

**അപേക്ഷ**

ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ എല്ലാ പ്രവൃർത്തിദിവസങ്ങളിലും അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വാങ്ങാവുന്നതാണ്.

**2.. മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്**

29-10-2007 ലെ ജി.ഒ.(പി)143/07/തൊഴിൽ നമ്പർ സർക്കാർ ഉത്തരവിലൂടെയാണ് മൾട്ടി പർപ്പസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ് പദ്ധതി എന്ന സ്വയം തൊഴിൽ പദ്ധതി നിലവിൽ വന്നത്.

കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് വേണ്ടി വകുപ്പു നടത്തുന്ന വിവിധോദ്ദേശ സേവന കേന്ദ്രങ്ങളും, അവയുടെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ രഹിതർ നടത്തുന്ന ജോബ് ക്ലബ്ബുകളുമാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.



**ഗുണഭോക്താക്കളും യോഗ്യതയും**

കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളവരായിരിക്കണം അപേക്ഷകർ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും പ്രവർത്തി കാര്യക്ഷമതാ പരിശീലനം സിദ്ധിച്ചവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാവുന്നതാണ്. എന്നാൽ ആകെ ഗുണഭോക്താക്കളിൽ ഇത്തരക്കാർ 10 ശതമാനത്തിൽ കൂടാൻ പാടുള്ളതല്ല.

- വാർഷിക കുടുംബ വരുമാനം 50,000/- രൂപയിൽ കവിയാൻ പാടില്ല. (കുടുംബ വരുമാനം എന്നുദ്ദേശിക്കുന്നത് ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ട റേഷൻ കാർഡിൽ പേരുള്ള അംഗങ്ങളുടെ ആകെ വരുമാനമാണ്).

- 21 നും. 40 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം അപേക്ഷകർ.
- മറ്റു പിന്നാക്ക ജാതിക്കാർക്ക് 3 വർഷവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.
- ഒരു ജോബ് ക്ലബ്ബിൽ സ്ത്രീകൾക്കും, പുരുഷന്മാർക്കും അംഗങ്ങളാകാവുന്നതാണ്. എന്നാൽ ഹോം നേഴ്സ്, ഹോം മെയ്ഡ് എന്നീ ക്ലബ്ബുകൾക്ക് വനിതകൾക്ക് മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ.

**മുൻഗണന**

പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും തൊഴിൽ രഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കും മുൻഗണന ഉണ്ടായിരിക്കും. കൂടാതെ സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പ് പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്ന "പ്രവർത്തി കാര്യക്ഷമതാ സർട്ടിഫിക്കറ്റ്" കരസ്ഥമാക്കിയിട്ടുള്ളവർക്കും, സംസ്ഥാന ഐ.റ്റി.ഐ., ഐ.റ്റി.സി., പോളിടെക്നിക് എന്നിവയിൽ ഏതിലെങ്കിലും നിന്ന് വിവിധ ട്രേഡുകളിൽ പരിശീലനം നേടിയവർക്കും ജനശിക്ഷൻ സൻസ്ഥാൻ, റൂഡ് സെറ്റ് എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ പരിശീലനം നേടിയവർക്കും മുൻഗണന നൽകുന്നതാണ്.

പൂരിപ്പിച്ച അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പരിശോധനയ്ക്കു ശേഷം ജില്ലാ കമ്മിറ്റിയ്ക്ക് സമർപ്പിക്കുന്നു. ജില്ലാ കമ്മിറ്റി പരിശോധിച്ച് അപേക്ഷകർ അനുയോജ്യരാണോ, പ്രോജക്ട് നടപ്പിലാക്കാൻ കഴിയുന്നതാണോ എന്നീ കാര്യങ്ങൾ പരിശോധിച്ച് അംഗീകരിച്ച അപേക്ഷകൾ ധനകാര്യസ്ഥാപനങ്ങളിലേക്ക് ശുപാർശ ചെയ്യുന്നു.

**ആനുകൂല്യം**

ഒരു ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപവരെ വായ്പ ലഭിക്കുന്നു. ഓരോ ക്ലബ്ബിനും വായ്പ തുകയുടെ 25 % സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) നൽകുന്നു. പ്രോജക്ട് നടത്തിപ്പിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി വായ്പ തുകയുടെ 10 % ഓരോ അംഗങ്ങളും തങ്ങളുടെ വിഹിതമായി ആദ്യംതന്നെ നിക്ഷേപിക്കേണ്ടതാണ്.

**അപേക്ഷ**

ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ എല്ലാ പ്രവൃർത്തിദിവസങ്ങളിലും അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വാങ്ങാവുന്നതാണ്.

**3. ശരണ്യാ സ്വയംതൊഴിൽ പദ്ധതി**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ. നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, അവിവാഹിതകൾ പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, എന്നീ വിഭാഗം സ്ത്രീകൾക്കായി 2010 –11 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുള്ള പുതിയ സ്വയംതൊഴിൽ പദ്ധതിയാണിത്.



**ആനുകൂല്യം**

ഒരു വ്യക്തിയ്ക്ക് പരമാവധി 50,000/- രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതുമാണ്.

**യോഗ്യത**

കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും, വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തതും പ്രായം 18 നും 55 വയസ്സിനും മദ്ധ്യേ പ്രായമുള്ള (അവിവാഹിതകൾക്ക് 30 വയസ്സ് പൂർത്തിയാകണം) മേൽപറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

**മുൻഗണന**

പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും, ഐ.റ്റി.ഐ., ഐ.റ്റി.സി. സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് മുൻഗണന നൽകുന്നതാണ്.

- ഈ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽരഹിത വേതനം ലഭിക്കുന്നതല്ല.
- പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക ഒഴിവുകൾക്ക് പരിഗണിക്കുന്നതല്ല.
- സ്ഥിരം ഒഴിവുകൾക്ക് പരിഗണിക്കുന്നതും നിയമനം ലഭിക്കുകയാണെങ്കിൽ പദ്ധതിപ്രകാരം ലഭിച്ച വായ്പാതുക പൂർണ്ണമായും അടച്ചു തീർക്കേണ്ടതുമാണ്.

പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പ് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ ലഭിക്കുന്നതി

നുള്ള അപേക്ഷ പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സമർപ്പിക്കേണ്ടതാണ്. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പ്രാഥമിക പരിശോധയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ പദ്ധതിയ്ക്കായി ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ജില്ലാ കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ജില്ലാ കമ്മിറ്റി ഉദ്യോഗാർത്ഥിയെ കൂടിക്കാഴ്ചയ്ക്ക് വിളിച്ച് അപേക്ഷയിൽ തീർപ്പു കൽപ്പിക്കുകയും ചെയ്യുന്നു.

ജില്ലാ കമ്മിറ്റി അപേക്ഷ പാസാക്കിയവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനാവശ്യമായ സംരംഭകത്വ വികസന പരിശീലനം RSETI കൾ വഴി നൽകിയതിന് ശേഷം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന വായ്പ അനുവദിക്കുന്നു.

വായ്പ തിരിച്ചടവ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ ബന്ധപ്പെട്ട ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ നടത്താവുന്നതാണ്.

**അപേക്ഷ**

ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ എല്ലാ പ്രവൃർത്തിദിവസങ്ങളിലും അതത് എംപ്ലോയ്മെന്റ് എക്സ്ചേഎഞ്ചിൽ നിന്നും വാങ്ങാവുന്നതാണ്.

## III. സമഗ്ര ആരോഗ്യ ഇൻഷുറൻസ് ഏജൻസി (ചിയാക്)

Comprehensive Health Insurance Agency of Kerala (CHIAK)

### 1. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ആർ.എസ്.ബി.വൈ/ചിസ്/ചിസ് പ്ലസ്)

രാഷ്ട്രീയ സ്വസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ് പ്ലസ്) എന്നീ പദ്ധതികളാണ് സമഗ്ര ആരോഗ്യ ഇൻഷുറൻസ് ഏജൻസി (ചിയാക്) മുഖേന നടപ്പിലാക്കി വരുന്നത്. ഇത് തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഏജൻസിയാണ്.

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണവും, സാമൂഹ്യ സുരക്ഷയും ഉറപ്പു വരുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഇൻഷുറൻസ് പദ്ധതിയാണ് രാഷ്ട്രീയ സ്വസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ).

ആർ.എസ്.ബി.വൈ പദ്ധതി വിഭാവനം ചെയ്യുന്ന ആനുകൂല്യങ്ങൽ കൂടുതൽ വിഭാഗങ്ങളിലേക്ക് എത്തിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ക്ഷേമനിധി അംഗങ്ങൾക്കും, 600 രൂപയിൽ താഴെ റേഷൻ കാർഡിൽ പ്രതിമാസ വരുമാനം രേഖപ്പെടുത്തിയിട്ടുള്ള കുടുംബങ്ങൾക്കുമായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്).

ആർ.എസ്.ബി.വൈ പദ്ധതി നടത്തിപ്പിൽ ഇൻഷുറൻസ് പ്രീമിയത്തിന്റെ 60 % കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. ആർ.എസ്.ബി.വൈ പദ്ധതിയുടെ 40% ഇൻഷുറൻസ് പ്രീമിയവും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (ചിസ്) യുടെ

100% പ്രീമിയവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. സംസ്ഥാനത്ത് തൊഴിൽ വകുപ്പും, ആരോഗ്യ വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ നോഡൽ വകുപ്പാണ് തൊഴിൽ വകുപ്പ്.

**സേവനങ്ങൾ**

- ♦ പ്രതിവർഷം ഒരു കുടുംബത്തിന് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (സി.എച്ച്.സി) മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും മുഖേന 30,000 രൂപയുടെ സൗജന്യ കിടത്തി ചികിൽസ ലഭിക്കും.
- ♦ ഒരു കുടുംബത്തിലെ അഞ്ചുപേർക്കാണ് സഹായം അനുവദിക്കുക. അതായത് കുടുംബ നാഥനോ/നാഥയോ, പങ്കാളിയും പിന്നെ മൂന്ന് ആശ്രിതർക്കും. പങ്കാളിയുടെ അഭാവത്തിൽ നാലാമത്തെ അംഗത്തെ കുടുംബനാഥന് / നാഥയ്ക്ക് തിരഞ്ഞെടുക്കാവുന്നതാണ്.
- ♦ തുക ഒരംഗത്തിന് മാത്രമായോ അഞ്ച് അംഗങ്ങൾക്കായോ ഉപയോഗപ്പെടുത്താവുന്നതാണ്.
- ♦ ജനറൽ വാർഡിൽ സൗജന്യ കിടത്തി ചികിൽസയാണ് ലഭിക്കുക
- ♦ കിടത്തി ചികിൽസിക്കുമ്പോൾ ആവശ്യമായി വരുന്ന മരുന്നുകൾ, സ്കാനിംഗ് ഉൾപ്പെടെയുള്ള എല്ലാ പരിശോധനകളും സൗജന്യമായിരിക്കും.
- ♦ നിലവിൽ രോഗികളായവർക്കും ഇൻഷുറൻസ് പരിരക്ഷ ലഭിക്കും.
- ♦ പ്രസവ ചികിൽസക്കും പദ്ധതി ആനുകൂല്യം ലഭിക്കും.
- ♦ ചികിൽസ കഴിഞ്ഞു മടങ്ങുമ്പോൾ നൂറ് രൂപ യാത്രക്കൂലി ലഭിക്കും.
- ♦ പദ്ധതിയിൽ ചേരുന്നതിന് പ്രായപരിധി ഇല്ല.
- ♦ പേപ്പർ രഹിത നടപടികളിലൂടെയും, നേരിട്ട് തുക കൈകാര്യം ചെയ്യാതെയും (പേപ്പർലസ്/ക്യാഷ്ലസ്) ആയിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.
- ♦ ചികിൽസക്കായി രോഗി ഒരു രൂപയും മുടക്കേണ്ടതില്ല.
- ♦ പദ്ധതിയിൽ രജിസ്റ്റർ ചെയ്തതിന് ലഭിച്ച സ്മാർട്ട് കാർഡ് മാത്രം ആശുപത്രിയിൽ നൽകിയാൽ മതിയാകും.
- ♦ ഒരേ സമയം ഒന്നിലധികം പേർക്കും ചികിൽസ ലഭിക്കുന്നതാണ്.



കേരളത്തിൽ 2008 ഒക്ടോബർ 2-ാം തീയതി മുതൽ തുടങ്ങിയ പദ്ധതിയിൽ 2015 ഒക്ടോബർ മാസം വരെ ഏകദേശം 31 ലക്ഷത്തിൽപരം രോഗികൾക്ക് ഏകദേശം 1095 കോടി രൂപയുടെ ചികിൽസാ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

ആദ്യവർഷം മുതൽ തന്നെ രാജ്യത്തെ മികച്ച ആർ.എസ്.ബി.വൈ ഉപഭോഗത്തിനുള്ള കേന്ദ്ര സർക്കാർ അവാർഡ് കേരളത്തിന് ലഭിക്കുകയുണ്ടായി. നാളിതുവരെ സർക്കാർ ആശുപത്രികൾ മുഖാന്തരം മാത്രം 600 കോടി രൂപയുടെ ചികിൽസയാണ് നൽകിയിരിക്കുന്നത്. ഇത് സ്വകാര്യ ആശുപത്രികൾക്ക് നൽകിയ ചികിൽസാതുകയെക്കാളും, സംസ്ഥാന സർക്കാർ നൽകിയ പ്രീമിയം വിഹിതത്തെക്കാളും അധികമാണ്.

സർക്കാർ ആശുപത്രികൾക്ക് പദ്ധതിമുഖേന കിട്ടുന്ന തുക അതാത് ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും, രോഗികൾക്ക് മികച്ച വിദഗ്ധ സേവനം നൽകുന്നതിനും ഉപയോഗിക്കാം. പ്രസ്തുത തുക ജനസേവനത്തിന് തിരിച്ചെത്തുന്നു എന്ന പ്രത്യേകത ഈ പദ്ധതിക്കുണ്ട്.

കേന്ദ്ര സർക്കാർ രൂപം നൽകിയ സോഫ്റ്റ് വെയറിലൂടെയാണ് ആർ.എസ്.ബി.വൈ-ചിസ് പദ്ധതി നടപ്പിലാക്കുന്നത്.

ആദ്യത്തെ നാലു വർഷങ്ങളിലും പദ്ധതിയുടെ ഇൻഷ്യുറായി ടെണ്ടർ നടപടികളിലൂടെ തിരഞ്ഞെടുത്തത് യുണൈറ്റഡ് ഇൻഡ്യാ ഇൻഷുറൻസ് കമ്പനിയേയും കഴിഞ്ഞ മൂന്ന് വർഷമായി റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനിയേയുമാണ്.

കേരളത്തിലെ 194 സർക്കാർ ആശുപത്രികളിലൂടെയും 185 സ്വകാര്യ ആശുപത്രികളിലൂടെയുമാണ് ആർ.എസ്.ബി.വൈ-ചിസ് ചികിൽസാ ആനുകൂല്യങ്ങൾ നൽകി വരുന്നത്.

ഇനിയും കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ചേർക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്.

സ്മാർട്ട് കാർഡിലൂടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത്. ഇതുപ്രകാരം ചികിൽസക്ക് ആവശ്യമായ തുക അതാത് ആശുപത്രികൾക്കാണ് കൈമാറുക. രോഗികൾക്ക് നേരിച്ച് പണം നൽകില്ല. സ്മാർട്ട് കാർഡ് വഴിയാണ് ഇതിന്റെ സേവനം രോഗികൾക്ക് ലഭ്യമാക്കുക.

**പദ്ധതി നിലവിലുള്ള ആശുപത്രികളിൽ രോഗിയെ സഹായിക്കാൻ ആർ.എസ്.ബി.വൈ പ്രത്യേക കൗണ്ടറുകൾ ഉണ്ട്. ഇവിടെ നിന്ന് പദ്ധതിയെ സംബന്ധിച്ച വിശദവിവരങ്ങൽ ലഭിക്കും.**

**ചിസ്പ്ലസ്**

ആർ.എസ്.ബി.വൈ, ചിസ് പദ്ധതികൾക്കു പുറമേ ചിസ് പ്ലസ് എന്ന സംസ്ഥാന സർക്കാരിന്റെ മാത്രമായ പദ്ധതി പ്രകാരം കാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ അസുഖങ്ങൾ, കരൾ, തലച്ചോർ എന്നിവയെ ബാധിക്കുന്ന രോഗങ്ങൾ, അപകടം മൂലമുള്ള ട്രോമാകെയർ എന്നിവയ്ക്ക് 70,000 രൂപയുടെ അധിക ചികിൽസാ സഹായം തെരഞ്ഞെടുക്കപ്പെട്ട സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം (RCC ) മലബാർ ക്യാൻസർ സെന്റർ , തലശ്ശേരി (MCC) ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്

ആന്റ് ടെക്നോളജി തിരുവനന്തപുരം(SCT) മുതലായ ഗവേഷണ സ്ഥാപനങ്ങൾ മുഖേന നൽകുന്നുണ്ട്. 636 വിവിധ വിദഗ്ദ്ധ ശസ്ത്രക്രീയകൾ, ക്യാൻസർ ചികിൽസകൾ എന്നിവ ഉൾപ്പെട്ട ചികിൽസാ പാക്കേജിലൂടെ ഏകദേശം ഒരു ലക്ഷത്തിലധികം രോഗികൾക്ക് (ഹൃദയ ശസ്ത്രക്രിയ ഉൾപ്പെടെ) ചിസ്പ്ലസ് പദ്ധതിയിലൂടെ കഴിഞ്ഞ നാലു വർഷം കൊണ്ട് സൗജന്യ ചികിൽസ നൽകികഴിഞ്ഞിരിക്കുന്നു

**പി.എ.ക്ലയിം**

സ്മാർട്ട് കാർഡിൽ ഉൾപ്പെട്ട കുടുംബനാഥനോ, നാഥയ്ക്കോ അപകടമരണം സംഭവിച്ചാൽ അവകാശികൾക്ക് ഒരു ലക്ഷം രൂപയുടെ ധനസഹായം നൽകും.

- ആർ.എസ്.ബി.വൈ പദ്ധതി അനുസരിച്ച് കേരളത്തിൽ മാത്രമാണ് ഈ സഹായം നൽകുന്നത്.
- 2013 ഏപ്രിൽ മാസം മുതൽ 2015 നവംബർ വരെ 345 കുടുംബങ്ങൾക്ക് 690 ലക്ഷം രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

**ആം ആദ്മി ബീമാ യോജന (ആബി)**

- ദാരിദ്ര രേഖയ്ക്കു താഴെയുള്ള വിവിധ തൊഴിൽ മേഖലയിൽപെട്ട കുടുംബങ്ങൾക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതിയാണ് ആം ആദ്മി ബിമാ യോജനാ.
- ആരോഗ്യ ഇൻഷുറൻസിൽ നിന്നും വ്യത്യസ്തമായി എൽ.ഐ.സി.യു മായി ചേർന്നാണ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത്.
- ഇതിന്റെ പ്രിമിയം കേന്ദ്ര സംസ്ഥാന സർക്കാരുകളാണ് നൽകുന്നത്.

**യോഗ്യത**

ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ 18 നും 59 നും ഇടയിൽ പ്രായമുള്ള തൊഴിലാളികൾക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്.

**ആനുകൂല്യങ്ങൾ**

- അപകട മരണത്തിന് 75,000 രൂപ
- സ്വാഭാവിക മരണത്തിന് 30,000 രൂപ
- സ്ഥിരമായ അംഗവൈകല്യത്തിന് 75,000 രൂപ
- ഭാഗിക അംഗവൈകല്യത്തിന് 37500 രൂപ
- അംഗങ്ങളുടെ 9 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന (ഐ.ടി.ഐ ഉൾപ്പെടോ) രണ്ടു കുട്ടികൾക്ക് പ്രതിവർഷം 1200 രൂപ വീതം സ്കോളർഷിപ്പ് എന്നിവയാണ് ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ.
- സ്കോളർഷിപ്പ് തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാക്കും.

## Contact details of the officers of the Labour Department

### Office of the Labour Comissioner

| Sl.No. | Designation of the Officer | Phone |
|---|---|---|
| 1. | Labour Commissioner | 0471 - 2783939 |
| 2. | P.A. to Labour Commissioner | 0471 - 2783910 |
| 3. | Additional Labour Commissioner (IR) | 0471 - 2 783901 |
| 4. | Additional Labour Commissioner (Enforcement) | 0471 - 2783911 |
| 5. | Additional Labour Commissioner (Welfare) | 0471 - 2783903 |
| 6. | Joint Labour Commissioner (Planning) | 0471 - 2783903 |
| 7. | DeputyLabour Commissioner (HQ) | 0471 - 2783905 |
| 8. | Sr. Administrative Officer | 0471 - 2783904 |
| 9. | Finance Officer | 0471 - 2783906 |
| 10 | Law Officer | 0471 - 2783915 |

### Regional Offices

| | | |
|---|---|---|
| 1. | Regional Joint Labour Commissioner, Kollam | 0474 - 2792342 |
| 2. | Regional Joint Labour Commissioner, Ernakulam | 0484 - 2422244 |
| 3. | Regional Joint Labour Commissioner,Kozhikode | 0495 - 2371578 |

### District Offices

| | | |
|---|---|---|
| 1. | District Labour Officer, Thiruvananthapuram | 0471 - 2783942 |
| 2. | District Labour Officer (E), Thiruvananthapuram | 0471 - 2783942 |
| 3. | District Labour Officer , Kollam | 0474 -2794820 |
| 4. | District Labour Officer (E), Kollam | 0474 - 2794820 |
| 5. | District Labour Officer, Pathanamthitta | 0468 - 2222234 |
| 6. | District Labour Officer , Alappuzha | 0477 - 2253515 |
| 7. | District Labour Officer , Idukki (Thodupuzha) | 0486 - 2222363 |
| 8. | District Labour Officer, Kottayam | 0481 - 2564365 |
| 9. | District Labour Officer, Ernakulam | 0484 - 2423110 |
| 10. | District Labour Officer , Thrissur | 0487 - 2360469 |
| 11. | District Labour Officer, Palakkad | 0491 - 2505584 |
| 12. | District Labour Officer, Malappuram | 0483 - 2734814 |
| 13. | District Labour Officer, Kozhikode | 0495 - 2370538 |
| 14. | District Labour Officer, Wayanad | 04936 -203905 |
| 15. | District Labour Officer, Kannur | 0497 - 2700353 |
| 16. | District Labour Officer, Kasargode | 04994 - 256950 |

## Contact details of the officers of the National Employment Service Department

| Sl.No | Designation of the the Officer | Phone |
|---|---|---|
| 1. | Director , Employment | 0471 - 2323389 |

### Regional Offices

| | | |
|---|---|---|
| 2. | Regional Deputy Director , Thiruvananthapuram | 0471 - 2570830 |
| 3. | Regional Deputy Director , Ernakulam | 0484 - 2421630 |
| 4. | Regional Deputy Director, Kozhikode | 0495 - 2371179 |

### Employment Offices

| | | |
|---|---|---|
| 1. | Special Employment Exchange for PH, Thiruvananthapuram | 0471 - 2462654 |
| 2. | Special Employment Exchange for PH, Neyyattinkara | 0471 - 2220484 |
| 3. | Special Employment Exchange for PH, Kollam | 0474 - 2747599 |
| 4. | Special Employment Exchange for PH, Kottayam | 0481 - 2304608 |
| 5. | Special Employment Exchange for PH, Ernakulam | 0484 - 2421633 |
| 6. | Special Employment Exchange for PH, Kozhikode | 0495 - 2373179 |
| 7. | District Employment Exchange, Thiruvananthapuram | 0471 - 2476713 |
| 8. | District Employment Exchange, Kollam | 0474 - 2746789 |
| 9. | District Employment Exchange, Alappuzha | 0477 - 2230622 |
| 10. | Disttrict Employment Exchange, Pathanamthitta | 0484 - 2222745 |
| 11. | District Employment Exchange, Kottayam | 0481 - 2560413 |
| 12. | District Employment Exchange, Idukki | 0486 - 8272262 |
| 13, | District Employment Exchange, Ernakulam | 0484 -2422458 |
| 14. | District Employment Exchange , Thrissur | 0487 - 2331016 |
| 15. | District Employment Exchange, Palakkad | 0491 - 2505204 |
| 16. | District Employment Exchange, Malappuram | 0483 - 2734904 |
| 17. | District Employment Exchange, Kozhikode | 0495 - 2370179 |
| 18. | District Employment Exchange, Wayanad | 0493 - 6202534 |
| 19. | District Employment Exchange Kannur | 0497 - 2700831 |
| 20. | District Employment Exchange, Kasargode | 0499 - 4255582 |
| 21. | Rural Employemnt Exchange, Kazhakuttom, | 0471 - 2413535 |






**Published by**

Executive Director, Kerala Institute of Labour and Employment (KILE), Thozhil Bhavan,
Vikas Bhavan.P.O, Thiruvananthapuram – 695 033
Web: www.kile.kerala.gov.in, Email:kiletvm@gmail.com,
Phone: 0471 – 2309012, 2307742
Fax: 0471 – 2308947

Printed at C-apt, Vattiyoorkkavu, Thiruvananthapuram - 13